# വെളിച്ചം റമദാൻ 2025
## Grand Finale Answer Key

1) പ്രവാചകന്റെ കാലശേഷം മറ്റാരോടും ചോദിച്ചറിയേണ്ടി വരാത്ത ഒരു കാര്യത്തെ പറ്റി പ്രവാചകനോട് തിരക്കിയ സ്വഹാബി ആരായിരുന്നു? [ചോദ്യാവലി ക്രമം # 1]

A. സുഹൈൽ ഇബ്നു അംറ് (റ)

B. സുഹൈബ് ഇബ്നു റൂമി (റ)

<u>C. സുഫ് യാനു ഇബ്നു അബ്ദില്ല (റ)</u>

D. സഅദ് ഇബ്നു വഖാസ് (റ)

2) അല്ലാഹു പറഞ്ഞിരിക്കുന്നു: "എന്റെ വിഷയത്തിൽ ............, 'എന്റെ വിഷയത്തിൽ ............, 'എന്റെ വിഷയത്തിൽ ............, 'എന്റെ വിഷയത്തിൽ ............, എന്റെ സ്നേഹം നിർബന്ധമായും ലഭിക്കുന്നതാണ്"; താഴെ നൽകിയതിൽ വിട്ടഭാഗങ്ങളിലെ ഉത്തരത്തോട് യോജിക്കാത്തത് ഏത്? [ചോദ്യാവലി ക്രമം # 2]

A. അന്യോന്യം സ്നേഹിക്കുന്നവർക്കും

<u>B. അന്യോന്യം കാണിച്ചു കൊടുക്കുന്നവർക്കും</u>

C. അന്യോന്യം സന്ദർശനം നടത്തുന്നവർക്കും

D. അന്യോന്യം കൂടിയിരിക്കുന്നവർക്കും

3) റബ്ബിനെ കുറിച്ച് സത്യനിഷേധികൾ ധരിച്ചുവെച്ച ആ ധാരണ അവരെ നാശത്തിൽ പതിപ്പിച്ചു. എന്തായിരുന്നു അവരുടെ ആ ധാരണ ? [ചോദ്യാവലി ക്രമം # 3]

A. അവർ വിചാരിച്ചു അവർ അല്ലാഹുവിൽ നിന്ന് മറഞ്ഞു നിൽക്കുന്നവരാണ് എന്ന്

<u>B. അവർ വിചാരിച്ചു അവർ പ്രവർത്തിക്കുന്നതിൽ നിന്ന് അധികവും അല്ലാഹു അറിയുന്നില്ല എന്ന്</u>

C. അവർ വിചാരിച്ചു മരണശേഷം അല്ലാഹു അവരെ ഉയർത്തെഴുന്നേൽപിക്കുകയില്ല എന്ന്

**D.** അവർ വിചാരിച്ചു തങ്ങൾക്കെതിരെ ഒരിക്കലും തങ്ങളുടെ അവയവങ്ങൾ സംസാരിക്കുകയില്ല എന്ന്

**4)** ആരുടെ ഹൃദയത്തെ മുദ്ര വെക്കുന്ന കാര്യമാണ് ഒരു വചനത്തിൽ പരാമർശിക്കുന്നത്? എന്ത്കൊണ്ട്? [ചോദ്യാവലി ക്രമം # 4]

<u>A. നബി(സ) അല്ലാഹുവിന്റെ പേരിൽ കളവു കെട്ടിച്ചമച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ഹൃദയത്തിന് മുദ്ര വെക്കുമായിരുന്നു</u>

**B.** അല്ലാഹുവിന്റെ പേരിൽ കളവ് കെട്ടിച്ചമച്ചു പറയുന്നവന്റെ ഹൃദയത്തിന് അല്ലാഹു മുദ്ര വെക്കുന്നതാണ്

**C.** പശ്ചാത്തപിക്കാതെ തെറ്റുകുറ്റങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുന്ന ദുഷ്കർമ്മിയു ടെ ഹൃദയത്തിന് അല്ലാഹു മുദ്രവെക്കുന്നതാണ്

**D.** അല്ലാഹുവിന്റെ വചനങ്ങളെ കളവാക്കുകയും അതിന് പരിഹസിക്കാൻ ഒരുങ്ങി പുറപ്പെടുകയും ചെയ്യുന്നവന്റെ ഹൃദയത്തിന് അല്ലാഹു മുദ്രവെക്കുന്നതാണ്

**5)** സൂറഃ ശൂറയിലെ വഹ്‌യിന്റെ വചനത്തിന്റെ ഉദ്ദേശത്തിൽ വരാത്ത ജോഡിയേത് ? [ചോദ്യാവലി ക്രമം # 5]

<u>A. തേനീച്ചക്ക് വഹ്‌യ് നൽകി - ഭൂമിക്ക് വഹ്‌യ് കൊടുത്തു</u>

**B.** ബോധനമായിട്ട് - മനസ്സിൽ വെളിപാടായിട്ട് - ഇൽഹാം -നബി (സ)

**C.**മറയുടെ പിന്നിൽ - വറാഇൽ ഹിജാബ് - മൂസാ നബി

**D.** മലക്കിനെ അയച്ചു ബോധനം നൽകൽ -ഇബ്രാഹിം നബി - ലൂത്വ് നബി

**6)** ചില കൂട്ടരുടെ പ്രവർത്തനങ്ങളും അവയുടെ പരിണിത ഫലങ്ങളും നൽകിയിരിക്കുന്നു. ശരിയല്ലാത്ത ജോഡിയേത്? [ചോദ്യാവലി ക്രമം # 6]

<u>A. വാക്കു ഉച്ചത്തിലാക്കുന്നവർ - റബ്ബിന്റെ അടുക്കൽ ഫലശൂന്യമായവർ</u>

**B.** അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ച് ന്യായവാദം നടത്തുന്നവർ - കോപവും കഠിനമായ ശിക്ഷയും

**C.** അന്ത്യസമയത്തിന്റെ കാര്യത്തിൽ തർക്കം നടത്തുന്നവർ - വിദൂരമായ വഴിപിഴവിൽ

D.അല്ലാഹു അല്ലാത്തവരെ കാര്യകർത്താക്കളാക്കുന്നവർ - അല്ലാഹു വീക്ഷിച്ചു കൊണ്ടിരിക്കുന്നവർ

7) പരലോകത്ത് നിന്ന് യാതൊരു ഓഹരിയും ഇല്ലാത്തത് ആർക്ക് ? [ചോദ്യാവലി ക്രമം # 7]

A. ഇഹലോകത്തെ വിഭവങ്ങൾ മാത്രം ഉദ്ദേശിച്ച് ജീവിക്കുന്നവന്

B. അല്ലാഹു നൽകിയ സമ്പത്തിൽ നിന്ന് ചിലവഴിക്കാത്തവന്

C. ചെയ്യുന്ന കർമ്മങ്ങളിൽ ആത്മാർത്ഥത നഷ്ടപ്പെട്ടവന്

D. സൽകർമ്മങ്ങളിൽ ആധിക്യമുണ്ടെങ്കിലും പരലോക വിശ്വാസത്തിൽ സംശയം ഉള്ളവന്

8) മതകാര്യങ്ങളിൽ താന്തോന്നിത്തരം പറയുന്നവർക്കും നിർമ്മത വാദികൾക്കും ......... എന്ന് പേര് പറയാം [ചോദ്യാവലി ക്രമം # 8]

A. മുസ് രിഫ്

B. മുഅതലിയ

C. മുൽഹിദ്

D. മുജ്തഹിദ്

9) തങ്ങളുടെ റബ്ബ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് അതനുസരിച്ച് നിലകൊള്ളുകയും ചെയ്തിട്ടുള്ളവരുടെ പ്രത്യേകതയിൽ ..................... ഉൾപ്പെടുന്നില്ല. [ചോദ്യാവലി ക്രമം # 9]

A. അവരുടെ അടുക്കലേക്ക് മലക്കുകൾ സന്തോഷ വാർത്തയുമായി ഇറങ്ങി വരുന്നതാണ്

B. അവർക്ക് പരലോകത്ത് അവരുടെ മനസ്സുകൾ എന്ത് ഇച്ഛിക്കുന്നവോ അതു മുഴുവനും അവർക്കുണ്ടായിരിക്കുന്നതാണ്

C. അവർക്ക് ഇഹത്തിലും പരത്തിലും ബന്ധുമിത്രങ്ങളായി മലക്കുകൾ ഉണ്ടായിരിക്കുന്നതാണ്

D. വളരെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിൽ നിന്നുള്ള സൽക്കാരമായി കൊണ്ട് അവർക്ക് ജന്നാത്തുൽ ഫിർദൗസ് ലഭിക്കുന്നതാണ്

**10)** സജ്ജനങ്ങളുടെ ചില ഗുണഗണങ്ങൾ താഴെ നൽകിയിരിക്കുന്നു. അല്ലാഹുവിങ്കൽ നിന്ന് വഹ്‌യ് ലഭിക്കുന്ന ആളായിരുന്നിട്ട് പോലും നബി(സ) ചെയ്തുവെന്ന് വിശദീകരണത്തിൽ പ്രാധാന്യത്തോടെ പറഞ്ഞത് ഏതു ഗുണമാണ് ? [ചോദ്യാവലി ക്രമം # 10]

A. റബ്ബിന് ഉത്തരം നൽകുക

B. നമസ്കാരം നിലനിർത്തുക

<u>C. കാര്യങ്ങളിൽ അന്യോന്യം കൂടിയാലോചിക്കുക</u>

D. അല്ലാഹു നൽകിയിട്ടുള്ളതിൽ നിന്ന് ചിലവഴിക്കുക

**11)** ഒരാൾ മുസ്‌ലിംകളിൽ പെട്ടവനാണ് എന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം അയാളിൽ ഉണ്ടാവേണ്ട രണ്ട് സവിശേഷ കാര്യങ്ങൾ എന്താണ് ? [ചോദ്യാവലി ക്രമം # 11]

<u>A. അല്ലാഹുവിലേക്ക് ക്ഷണിക്കുക, സൽകർമ്മങ്ങൾ പ്രവർത്തിക്കുക</u>

B. ഷഹാദത്ത് കലിമ ചൊല്ലുക, ജീവിതം കൊണ്ട് അത് സാക്ഷ്യം വഹിക്കുക

C. സുദൃഢമായ വിശ്വാസവും ഉൽകൃഷ്ടമായ സ്വഭാവങ്ങളും അയാളിൽ സമ്മേളിക്കുക

D. വ്യക്തിപരമായ ബാധ്യത എന്ന നിലക്ക് നമസ്കരിക്കുക, സാമൂഹിക ബാധ്യത എന്ന നിലക്ക് സകാത് നൽകുക

**12)** അല്ലാഹു ഉത്തരം നൽകുകയും അവന്റെ ദയവിൽ നിന്നും വർദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നത് ആർക്കാണ് ? [ചോദ്യാവലി ക്രമം # 12]

A. തെറ്റുകൾക്ക് ആത്മാർത്ഥതയോടെ മാപ്പ് തേടുന്നവർക്ക്

B. പാരത്രിക ലോകത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്ക്

<u>C. വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക്</u>

D. പ്രയാസ ഘട്ടങ്ങളിലും സന്തോഷ സന്ദർഭങ്ങളിലും അല്ലാഹുവിനോട് തേടുന്നവർക്ക്

**13)** കലിമത്തുൻ സബഖത് كلمة سبقت എന്നു പറഞ്ഞത് എന്തുദ്ദേശിച്ചാണ്? [ചോദ്യാവലി ക്രമം # 13]

A. മുൻ വേദഗ്രന്ഥത്തിൽ ഭിന്നിപ്പുണ്ടായപ്പോൾ ഉടനെ അവരിൽ അല്ലാഹു വിധി നടപ്പാക്കിയതിനെ ഉദ്ദേശിച്ച്

B. ഖുർആനെക്കുറിച്ച് അവിശ്വാസികൾ ആശങ്കാജനകമായ സംശയത്തിലായതു കാരണത്താൽ അല്ലാഹു അവരിലും വിധി നടപ്പിലാക്കിയത്

C. ഐഹികജീവിതത്തിൽ വെച്ചു ചെയ്യുന്ന ദുഷ് കർമ്മങ്ങളുടെ ശിക്ഷ പരലോകത്തുവെച്ചാണ് നൽകുക എന്ന അല്ലാഹുവിന്റെ നിശ്ചയം

D. എ യും ബി യും ശരിയാണ്

14) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഇരു സൂറത്തുകളിലും പരാമർശിച്ച വചനങ്ങൾ പരിശോധിച്ച് തെറ്റായി നൽകിയത് കണ്ടെത്തുക [ചോദ്യാവലി ക്രമം # 14]

A. ആകാശങ്ങളെയും ഭൂമിയെയും ജീവജന്തുക്കളായി അവരണ്ടിലും വിതരണം ചെയ്തിട്ടുള്ളതിനേയും സൃഷ്ടിച്ചത്

B. ഭൂമിയിൽ മഴ വെള്ളം ഇറക്കിയാൽ അതു ഇളകുകയും, ചീർക്കുകയും ചെയ്യുന്നു.

C. സൂര്യനാകട്ടെ, ചന്ദ്രനാകട്ടെ അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിനു സുജൂദ് ചെയ്യുന്നു

D. മലകളെപോലെ സമുദ്രത്തിൽ സഞ്ചരിക്കുന്ന കപ്പലുകൾ

15) ഒരു വചനത്തിൽ തന്നെ അല്ലാഹുവിന്റെ മൂന്നു ഗുണങ്ങളെ ചേർത്ത് പറയുന്നുണ്ട്, അവയിൽ ............ ഉൾപ്പെടുന്നില്ല [ചോദ്യാവലി ക്രമം # 15]

A. അനുഗ്രഹത്തിൽ വർദ്ധനവ് നൽകുന്നവൻ

B. പശ്ചാത്താപം സ്വീകരിക്കുന്നവൻ

C. തിന്മകൾക്ക് മാപ്പ് കൊടുക്കുന്നവൻ

D. ചെയ്തുവരുന്നത് അറിയുന്നവൻ

16) ആദ് സമൂഹവുമായി ബന്ധപ്പെട്ട് പരാമർശിക്കാത്ത പ്രസ്താവനയാണ് .................. [ചോദ്യാവലി ക്രമം # 16]

A. അല്ലാഹു അവരേക്കൾ ഊക്കേറിയവൻ ആണോ എന്ന് അവർ പരസ്പരം ചോദിച്ചു

B. അവർ ഭൂമിയിൽ ന്യായമല്ലാത്ത വിധത്തിൽ അഹംഭാവം കാണിച്ചു

C. ഐഹിക ജീവിതത്തിൽ വെച്ച് തന്നെ അവർ അപമാനത്തിന്റെ ശിക്ഷ ആസ്വദിച്ചു

D. ദുഃശ്ശകുനത്തിന്റെ നാളുകളിൽ അവരിൽ ശരശരെയുള്ള കാറ്റ് ബാധിച്ചു

17) يَخْلُقُ مَا يَشَآءُ എന്നതിനോട് യോജിക്കാത്തത് ഏത് ? [ചോദ്യാവലി ക്രമം # 17]

A. وَيَهَبُ لِمَن يَشَآءُ ٱلذُّكُورَ

B. أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَٰثًا

C. يَهَبُ لِمَن يَشَآءُ إِنَٰثًا

<u>D. وَيَهَبُ لِمَن يَشَآءُعَقِيمًا</u>

18) "ഞാൻ നിങ്ങളെ പോലെയുള്ള 'ഒരു മനുഷ്യൻ' മാത്രം നിങ്ങളുടെ ആരാധ്യൻ ഒരേ ഒരു 'ഇലാഹ്' ആണെന്ന് എനിക്ക് വഹിയ് നൽകപ്പെടുന്നു" എന്ന് ശത്രുക്കളോട് സൗമ്യമായി മറുപടി പറയാൻ അല്ലാഹു പ്രവാചകനെ ഉപദേശിച്ചത് ഏത് സന്ദർഭത്തിലാണ്? [ചോദ്യാവലി ക്രമം # 18]

A. ഈ ദൈവിക ഗ്രന്ഥം അനറബി ഭാഷയിലും പ്രവാചകൻ ഒരു അനറബിയുമോ എന്നിങ്ങനെ അവർ സംശയമുന്നയിച്ചപ്പോൾ

<u>B. സത്യം ചെവിക്കൊള്ളാൻ ഒരിക്കലും തയ്യാറല്ലെന്നും, പ്രവാചകന്റെ കൂടെ യോജിച്ചു പോകാൻ സാധ്യമല്ലെന്നും അവർ തീർത്തു പറഞ്ഞപ്പോൾ</u>

C. ഞങ്ങളുടെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ ഞങ്ങളിലേക്ക് മലക്കുകളെ ഇറക്കുമായിരുന്നു, അതിനാൽ പ്രവാചകനെ നിഷേധിക്കുന്നുവെന്നും അവർ ദുരഭിമാനം നടിച്ചപ്പോൾ

D. ഖുർആനിലേക്ക് ചെവി കൊടുക്കരുത്, അതിൽ ബഹളം കൂട്ടുകയും ഒച്ചപ്പാട് ഉണ്ടാക്കുകയും ചെയ്യുവീൻ, അപ്പോൾ നിങ്ങൾക്ക് അവനെ അതിജയിക്കാം എന്നവർ പറഞ്ഞപ്പോൾ

19) താഴെ നൽകിയവ ഇടത്തുനിന്ന് വലത്തോട്ട് വായിക്കുമ്പോൾ, വചനങ്ങളിൽ വന്ന ക്രമത്തിൽ ശരിയായത് ഏത് ? [ചോദ്യാവലി ക്രമം # 19]

A. ('രണ്ടു ദിവസങ്ങൾ يَوْمَيْنِ'); ('നാലു ദിവസങ്ങൾ أَرْبَعَةِ أَيَّامٍ'); ('നാലുദിവസം أَرْبَعَةَ يوم'); ('രണ്ടു ദിവസങ്ങൾ يَوْمَيْنِ')

B. ('രണ്ടു ദിവസങ്ങൾ يَوْمَيْنِ'); ('രണ്ടു ദിവസങ്ങൾ يَوْمَيْنِ'); ('രണ്ടു ദിവസങ്ങൾ يَوْمَيْنِ')

C. ('രണ്ടു ദിവസങ്ങൾ يَوْمَيْنِ'); ('നാലു ദിവസങ്ങൾ أَرْبَعَةِ أَيَّامٍ'); ('നാലു ദിവസങ്ങൾ أَرْبَعَةِ أَيَّامٍ')

D. ('രണ്ടു ദിവസങ്ങൾ يَوْمَيْنِ'); ('നാലു ദിവസങ്ങൾ أَرْبَعَةِ أَيَّامٍ'); '('രണ്ടു ദിവസങ്ങൾ يَوْمَيْنِ')

20) പരലോകത്ത് അവയവങ്ങൾ സാക്ഷി പറയുന്നത് ബോധപൂർവ്വമാണ് എന്ന് ബോധ്യപ്പെടുത്തി തരുന്ന കാര്യമാണ് .......... [ചോദ്യാവലി ക്രമം # 20]

A. അവർ അവരോട് പറഞ്ഞു എന്ന നിലക്ക് 'قالوهم' എന്ന് കൈകാലുകൾ സാക്ഷി പറയുന്നത് സൂറത്തു യാസീനിൽ വന്നിട്ടുള്ളത്

B. അവയങ്ങൾ സാക്ഷിപറയുമ്പോൾ 'قالت' 'അവ പറഞ്ഞു' എന്ന് സാധാരണഗതിയിൽ പ്രസ്താവിച്ചത്

C. തൊലികളുടെ മറുപടിയിൽ 'قالوا' 'അവർ പറഞ്ഞു' എന്ന് ബുദ്ധിജീവികളെ പറ്റി പ്രയോഗിക്കുന്ന രൂപത്തിൽ പ്രസ്താവിച്ചത്

D. എല്ലാ അവയവങ്ങളും സംസാരിക്കുന്നതിന് 'قلن' 'അവയെല്ലാം പറഞ്ഞു' എന്ന് വചനത്തിൽ പ്രസ്താവിച്ചത്

21) അല്ലാഹു ഒരാൾക്ക് പ്രതാപം നൽകുകയും സഹായിക്കുകയും ചെയ്യാതിരിക്കയില്ല എന്ന് അബൂബക്കർ(റ)യോട് നബി(സ) പറഞ്ഞത് ആരെപ്പറ്റിയാണ്? [ചോദ്യാവലി ക്രമം # 21]

A. ചാർച്ചബന്ധം ചേർക്കുന്നതിനെ ഉദ്ദേശിച്ചുകൊണ്ട് സംഭാവനയുടെ വാതിൽ തുറന്നയാൾ

B.വർദ്ധിച്ചു കിട്ടുവാൻ ഉദ്ദേശിച്ചു കൊണ്ട് ചോദ്യത്തിന്റെ വാതിൽ തുറന്നയാൾ

C. ഒരു അക്രമത്തിന് വിധേയനായിട്ട് അല്ലാഹുവിന് വേണ്ടി അതിനെപ്പറ്റി കണ്ണടക്കുന്ന ആൾ

D. ആക്രമിക്കപ്പെട്ടതിന് ശേഷംതക്കതായ രക്ഷാനടപടി എടുക്കുന്നയാൾ

22) അസ്മിൽ ഉമൂർ عَزْمِ ٱلْأُمُورِ എന്ന് പറഞ്ഞ കൂട്ടരുടെ രണ്ടു പ്രധാന ഗുണങ്ങളായി വചനത്തിൽ പറഞ്ഞത് എന്തെല്ലാം ?? [ചോദ്യാവലി ക്രമം # 22]

A.വിശ്വസിക്കുക,നമസ്കരിക്കുക

B. ക്ഷമിക്കുക, മാപ്പ് നൽകുക

C. നമസ്കരിക്കുക, സകാത് നൽകുക

D. അല്ലാഹുവിനെ ഭയപെടുക, അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുക

23) പ്രവാചകനെ പറ്റി ഉത്ത്ബത്തുബ്നു റബീഅഃ (عتبة ن ربيعة) വിശേഷിപ്പിച്ചു പറഞ്ഞ ഒരു വാചകമാണ് .......... [ചോദ്യാവലി ക്രമം # 23]

A. മുഹമ്മദ് കളവ് പറയാറില്ല

B. മുഹമ്മദ് ബന്ധങ്ങൾ ചേർക്കുന്നവനാണ്

C. മുഹമ്മദ് പറയുന്നത് കവിതയല്ല, അദ്ദേഹം കവിയുമല്ല

D. മുഹമ്മദ് സംസാരിക്കുന്നത് പ്രമാണങ്ങളിൽ നിന്നുകൊണ്ടാണ്

24) നൂഹ്, ഇബ്രാഹീം, മൂസ, ഈസ പ്രവാചകന്മാരോട് കൽപിച്ചരുളിയ എന്താണോ അതു തന്നെയാണ് പ്രവാചകൻ (സ)ക്കും വഹ്യ് ആയി നൽകിയിട്ടുള്ളത്. താഴെ നൽകിയവയിൽ അവയിൽ ഉൾപെടാത്തത് ഏത് ? [ചോദ്യാവലി ക്രമം # 24]

A. അവൻ നിങ്ങൾക്കു മതമായി നിയമിച്ചു തന്നിരിക്കുന്നു

B. ഈ മതത്തിൽ നിങ്ങൾ നിലനിറുത്തണം

C. അതിൽ നിങ്ങൾ ഭിന്നിച്ചുപോകരുത്

D. നിങ്ങളിൽ നാം ഓരോ നിയമമാർഗ്ഗവും രീതിയും ഏർപ്പെടുത്തിയിരിക്കുന്നു

25) താഴെ നൽകിയതിൽ ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക. [ചോദ്യാവലി ക്രമം # 25]

A. നാലു ദിവസങ്ങളിലായി ഏഴ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പ് പൂർത്തീകരിച്ചു തുടർന്ന് രണ്ട് ദിവസങ്ങളിലായി ഭൂമിയുടെ അടുത്ത ആകാശത്തെ ചില വിളക്കുകൾകൊണ്ട് അലങ്കരിച്ചു.

B. രണ്ട് ദിവസങ്ങളിലായി ഭൂമിയെ സൃഷ്ടിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന മലകളെ സൃഷ്ടിക്കുകയും ചെയ്തു.

C. രണ്ട് ദിവസങ്ങളിലായി ഭൂമിക്ക് മുകളിൽ മലകളെ സൃഷ്ടിക്കുകയും നന്മകൾ വർദ്ധിപ്പിച്ച് അഭിവൃദ്ധിയുണ്ടാക്കുകയും അതിലെ ആഹാരവസ്തുക്കൾ വ്യവസ്ഥപ്പെടുത്തുകയും ചെയ്തു.

D. രണ്ട് ദിവസങ്ങളിലായി ആകാശത്തെ സൃഷ്ടിച്ചു, തുടർന്ന് രണ്ട് ദിവസങ്ങളിലായി ഓരോ ആകാശത്തിലും കാര്യബോധനം നൽകി, അടുത്ത ആകാശത്തെ ചില വിളക്കുകൾകൊണ്ട് അലങ്കരിച്ചു